ഉത്തരം

(എ) വന്യമൃഗങ്ങളുടെ ആക്രമണംമൂലം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലുള്ള നഷ്ടപരിഹാര തുക നൽകിവരുന്നു :

1.	ജീവഹാനി	3 ലക്ഷം രൂപ
2.	വനത്തിന് പുറത്ത് പാമ്പു കടിയേറ്റ് ജീവഹാനി	1 ലക്ഷം രൂപ
3.	വിളനാശം, വീട് നഷ്ടം കന്നുകാലി നഷ്ടം	നഷ്ടത്തിന്റെ 100% (പരമാവധി 50,000 രൂപ)
4.	സ്ഥിരമായ അംഗവൈകല്യം	25,000 രൂപ വരെ
5.	പരിക്ക്	5,000 രൂപ വരെ

വന്യജീവികളുടെ ആക്രമണത്താൽ സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാര തുകയായ 25,000 രൂപയും, പരിക്കേൽക്കുന്നവർക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന 5,000 രൂപയും യഥാക്രമം 1 ലക്ഷം രൂപയായും 1,000 രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഉണ്ട് ; വനമേഖലയിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വനം വകുപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ടോ വന്യജീവികളുടെ ആക്രമണംമൂലമോ മരണമോ, അംഗവൈകല്യമോ സംഭവിക്കുന്നവർക്ക് യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി വഴി ഇൻഷ്വറൻസ് നടപ്പിലാക്കി വരുന്നു. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് മരണം, അംഗവൈകല്യം എന്നിവ സംഭവിച്ചാൽ 1 ലക്ഷം രൂപയും ചികിത്സാനുകൂല്യമായി 5,000 രൂപയും യാത്രാ ചെലവിനായി 1000 രൂപയും ലഭിക്കുന്നതാണ്. പ്രകൃതി ദുരന്തം, വന്യജീവി ആക്രമണം എന്നിവമൂലം കുടിലുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് 5,000 രൂപ വരെ ലഭിക്കും.

(സി) വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഇടിമിന്നൽ എന്നീ പ്രകൃതി ദുരന്തങ്ങൾമൂലം മരണമടയുന്ന വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് 1 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ പ്രസ്തുത പദ്ധതിയിൽ നിന്നും ലഭിക്കുന്നുണ്ട്.

വന്യമൃഗശല്യം തടയുന്നതിന് നടപടി

240(847) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി താലൂക്കിൽ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ കർഷകരുടെ ജീവനും, സ്വത്തിനും സംരക്ഷണം നൽകുന്നതിനും വന്യമൃഗശല്യം തടയുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനന്തവാടി താലൂക്കിൽപ്പെട്ട പേരിയ റേഞ്ചിൽ വരുന്ന കല്ലംപുഴ-ഇരുമനത്തൂർ-ചുരുളി പ്രദേശത്തെ വന്യമൃഗശല്യം തടയുവാൻ വൈദ്യുതവേലി നിർമ്മാണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മാനന്തവാടി താലൂക്കിൽ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും ഇതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനും സൗരോർജ്ജ കമ്പിവേലികൾ, ആന പ്രതിരോധ കിടങ്ങുകൾ മുതലായവ നിർമ്മിച്ചു വരുന്നുണ്ട്. ട്രഞ്ച് നിർമ്മാണം അസാധ്യമായ സ്ഥലങ്ങളിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിരോധ ഭിത്തി നിർമ്മിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം മൂലമുണ്ടാകുന്ന നാശനഷ്ടത്തിന് നിയമപ്രകാരമുള്ള നഷ്ടപരിഹാരവും നൽകി വരുന്നുണ്ട്. 1996-97 മുതൽ 2008-09 വരെ 42 കിലോമീറ്റർ നീളത്തിൽ ആന പ്രതിരോധ കിടങ്ങുകളും 1996-97 മുതൽ 2009-10 വരെ 55.80 കിലോമീറ്റർ സൗരോർജ്ജ കമ്പിവേലിയും ഈ മേഖല ഉൾപ്പെട്ടുവരുന്ന നോർത്ത് വയനാട് ഡിവിഷനിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഇതേ വരെ ലഭിച്ച അപേക്ഷകളിൽ 74 ലക്ഷം രൂപ നഷ്ടപരിഹാരമായും നൽകിയിട്ടുണ്ട്. കൂടാതെ പേരിയ സി.ആർ.പി. കുന്നിൽ ആനത്താര പ്രദേശം സർക്കാർ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വന്യമൃഗശല്യത്തിനുള്ള രൂക്ഷതയനുസരിച്ചുള്ള മുൻഗണനാ ക്രമത്തിലാണ് ഓരോ ഡിവിഷനിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത്. കല്ലംപുഴ-ഇരുമനത്തൂർ-ചുരുളി പ്രദേശത്തെ വൈദ്യുതി വേലി നിർമ്മിക്കുന്നതിനുള്ള കാര്യം പരിഗണിക്കുന്നതാണ്.

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുപുഴ പഞ്ചായത്തിൽ കാട്ടാനശല്യം

241(948) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുപുഴ പഞ്ചായത്തിൽ കർണ്ണാടക ഫോറസ്റ്റ് അതിർത്തിയിലെ കാട്ടാനശല്യം തടയുന്നതിന് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുപുഴ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽവച്ച് 3-8-2010-ന് പഞ്ചായത്തിലെ രാഷ്ട്രീയ സംഘടനാ പ്രതിനിധികളുടെയും കർഷക സംഘടനാ പ്രതിനിധികളുടെയും ത്രിതല പഞ്ചായത്ത് പ്രതിനിധികളുടേയും കർഷകരുടെയും ഒരു യോഗം നടക്കുകയുണ്ടായി. വന്യമൃഗശല്യം തടയുന്നതിനായി എം.പി. ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയും എം.എൽ.എ. ഫണ്ടിൽ നിന്നും 3 ലക്ഷം രൂപയും പഞ്ചായത്ത് ഫണ്ടിൽ നിന്നും ഇതിനു സമാനമായ തുകയും കണ്ടെത്തി, 15 കിലോമീറ്റർ വരുന്ന അന്തർ സംസ്ഥാന അതിർത്തിയിൽ വന്യജീവികളെ പ്രതിരോധിക്കാൻ വേണ്ട പ്രവർത്തനത്തിന് വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly